**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4684** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിനായുള്ള ഇന്ധന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്, ശ്രീ എം വിൻസെൻറ് , ശ്രീ. ടി. ജെ. വിനോദ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അനുകൂല നടപടിയുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | റോഡ് സെസ് ഒഴിവാക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. കേന്ദ്ര സർക്കാരിൽ നിന്ന് കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ല എന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗം പോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (Non PDS)ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധനമേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പ് വർഷത്തേക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |
| (ബി) | ഇരുപത്തി അഞ്ച് രൂപയ്ക്ക് മത്സ്യ തൊഴിലാളികൾക്ക് മണ്ണെണ്ണ നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ 25 രൂപ പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചുവരുന്നു. 2020 ഏപ്രിലിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52.52 രൂപയായിരുന്നതാണ് ഇന്ന് വർദ്ധിച്ച് 142.77 രൂപയായിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം കേന്ദ്ര സർക്കാർ എണ്ണകമ്പനികൾക്ക് നൽകിയതിനെ തുടർന്നാണ് ഇത്തരത്തിൽ മണ്ണെണ്ണയുടെയടക്കം വില ഉയരുന്നത്. ഇക്കാലയളവിൽ സബ്സിഡി രഹിത ക്വാട്ടയിൽ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ വിലയും ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുകയാണ്. ആവശ്യകതയുടെ കാൽ |

| | | | |
|---|---|---|---|
| | | | ഭാഗം പോലും സബ്സിഡി രഹിത മണ്ണെണ്ണ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. മണ്ണെണ്ണക്ക് പെട്രോളിനേയും ഡീസലിനേയുംകാൾ ഉയർന്ന വില ഉണ്ടായ സാഹചര്യം മുൻപ് ഉണ്ടായിട്ടില്ല. നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള 14332 മത്സ്യബന്ധന എഞ്ചിനുകൾക്ക് മാത്രം മത്സ്യഫെഡ് മുഖാന്തിരം അനുവദിക്കുന്ന അതേ നിരക്കിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 321 കോടി രൂപ വേണ്ടി വരും. മണ്ണെണ്ണയുടെ വില കുറയ്ക്കുന്ന കാര്യം സംബന്ധിച്ചും ആവശ്യത്തിന് അളവ് കേരളത്തിന് അനുവദിക്കുന്നത് സംബന്ധിച്ചും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്ത വിതരണക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ചും കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ